# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1998 | 26-03-2013-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കാൻ ന ട പ ടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ .അസീസ് | | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |

| | | |
|---|---|---|
| (എ) സംസ്ഥാനത്തെ ഏതൊക്കെ വൻകിട സ്ഥാപനങ്ങളാണ് കെ.എസ്.ഇ.ബിക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക നൽകാനുള്ളതെന്ന് ഓരോ സ്ഥാപനവും നൽകാനുള്ള കുടിശ്ശികത്തുക സഹിതം വ്യക്തമാക്കുമോ; | (എ) | 2012 ഡിസംബർ 31 വരെ എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിലെ വൻകിട സ്ഥാപനങ്ങൾ രൂപ 438.06 കോടി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഹൈടെൻഷൻ വിഭാഗത്തിലെ വൻകിട ഉപഭോക്താക്കൾ രൂപ 521.33 കോടിയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ പട്ടിക 1-ഉം, 2ഉം ആയി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത കുടിശ്ശികത്തുക ഈടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | കുടിശ്ശിക പിരിച്ചെടുക്കാൻ നിയമാനുസൃതമായ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു. അവ ചുവടെചേർക്കുന്നു.<br>(i) യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിച്ഛേദിക്കുക.<br>(ii) ആറു മാസത്തിലേറെയായി വിച്ഛേദിച്ചു കിടക്കുന്ന വൈദ്യുത കണക്ഷനുകൾ അഴിച്ചു മാറ്റുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുക.<br>(iii). മറ്റ് ഉപഭോക്താ ക്കൾക്ക് പലിശ കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക |

(iv) പൂട്ടിക്കിടക്കുന്ന എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്കു മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ് /ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

(v) ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ കുടിശ്ശികയുടെ 'മുതൽ' ഒറ്റത്തവണയിലോ തവണകളായോ ഒടുക്കിയാൽ പലിശയിൽ ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയാണെങ്കിലോ പലിശ 3% ആയി ഇളവ് ചെയ്തു നൽകുന്നതാണ്5% ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടയ്ക്കുകയാണെങ്കിൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6% ഉം 9% ഉം ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ കാലാവധി 31.03.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(vi) കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ